# First I2U2 (India-Israel-UAE-USA) Leaders' Virtual Summit

July 12, 2022

## ആദ്യ ഐ2യു2 (ഇന്ത്യ-ഇസ്രായേൽ-യു എ ഇ -യു എസ് എ) നേതാക്കളുടെ വെർച്വൽ ഉച്ചകോടി

ജൂലൈ 12, 2022

1. ഇസ്രായേൽ പ്രധാനമന്ത്രി യാർ ലാപിഡ്, യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ, യുഎസ്എ പ്രസിഡന്റ് ജോസഫ് ആർ എന്നിവർ പങ്കെടുക്കുന്ന ഐ2യു2 ന്റെ യോഗത്തിൽ പ്രധാന ശ്രീ നരേന്ദ്ര മോഡി പങ്കെടുക്കും. ആദ്യ ഉച്ചകോടി 2022 ജൂലൈ 14 ന് വിർച്വൽ രീതിയിൽ നടന്നു. 2021 ഒക്ടോബർ 18-ന് നടന്ന നാല് രാജ്യങ്ങളിലെയും വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിലാണ് ഐ2യു2 ഗ്രൂപ്പ് വിഭാവനം ചെയ്തത്. സഹകരണത്തിന്റെ സാധ്യമായ മേഖലകൾ ചർച്ച ചെയ്യുന്നതിനായി ഓരോ രാജ്യവും പതിവായി ഷെർപ്പ ലെവൽ ആശയവിനിമയങ്ങൾ നടത്താറുണ്ട്.

2. ജലം, ഊർജം, ഗതാഗതം, ബഹിരാകാശം, ആരോഗ്യം, ഭക്ഷ്യസുരക്ഷ എന്നിങ്ങനെ പരസ്പരം ആവശ്യമാകുന്നു ആറ് മേഖലകളിൽ സംയുക്ത നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് ഐ2യു2 ലക്ഷ്യമിടുന്നു. പൊതുജനാരോഗ്യം മെച്ചപ്പെടുത്താനും, പുതുതായി രൂപപ്പെടുന്ന മാലിന്യരഹിത ഹരിതവുമായ സാങ്കേതികവിദ്യകളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും ഇൻഫ്രാസ്ട്രക്ചർ നവീകരിക്കാനും, നമ്മുടെ വ്യവസായങ്ങൾക്കായുള്ള കുറഞ്ഞ കാർബൺ വികസന പാതകൾ വികസിപ്പിക്കാനും സഹായകമായ രീതിയിൽ സ്വകാര്യമേഖല മൂലധനവും വൈദഗ്ധ്യവും സമാഹരിക്കാൻ ഉദ്ദേശിക്കുന്നു.

3. ഐ2യു2 ചട്ടക്കൂടിനുള്ളിൽ സാധ്യമായ സംയുക്ത പ്രോജക്ടുകളെക്കുറിച്ചും നമ്മുടെ പ്രാദേശികമായും അല്ലാതെയുമുള്ള നിക്ഷേപത്തിലും സാമ്പത്തിക പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് പരസ്പര താൽപ്പര്യമുള്ള മറ്റ് പൊതുമേഖലകളെക്കുറിച്ചും നേതാക്കൾ ചർച്ച ചെയ്യും. ഈ പ്രോജക്റ്റുകൾക്ക് സാമ്പത്തിക സഹകരണത്തിന് ഒരു മാതൃകയായി പ്രവർത്തിക്കാനും നമ്മുടെ വ്യവസായികൾക്കും തൊഴിലാളികൾക്കും അവസരങ്ങൾ നൽകാനും കഴിയും.

ന്യൂ ഡെൽഹി

ജൂലൈ 12, 2022

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.